# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4376** **25.10.2016-ലെ മറുപടിക്ക്**

## പങ്കാളിത്ത പെൻഷൻ

| | ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് | ഉത്തരം<br>ഡോ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ചതു മുതൽ ഈ ഇനത്തിൽ എത്ര ലക്ഷം രൂപ ജീവനക്കാരിൽ നിന്ന് ശേഖരിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ചതു മുതൽ 2016 സെപ്റ്റംബർ 30 വരെ ഈ ഇനത്തിൽ ജീവനക്കാരിൽ നിന്നും ആകെ 142.58 കോടി രൂപ ശേഖരിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>2014 - 11.83 കോടി രൂപ<br>2015 - 57.18 കോടി രൂപ<br>2016 - 73.57 കോടി രൂപ (2016 സെപ്റ്റംബർ 30 വരെ) |
| (ബി) | ഈ തുക ഏതെല്ലാം തരത്തിലാണ് സൂക്ഷിച്ചിട്ടുള്ളത്; | ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14.08.2008-ലെ കേന്ദ്രസർക്കാരിലെ 5(88)2006 പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത ഫണ്ട് നിക്ഷേപിച്ചു വരുന്നത്. |

| | | |
|---|---|---|
| (സി) | ഈ തുക ഏതെങ്കിലും വികസന പ്രവർത്തനങ്ങൾക്കോ, നിർമ്മാണ പ്രവർത്തനങ്ങൾക്കോ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ; | 14.08.2008-ലെ കേന്ദ്രസർക്കാരിലെ 5(88)2006 പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരം നിക്ഷേപത്തിന്റെ 85% വരെ ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ എന്നിവയിലും 15% വരെ കമ്പനി ഷെയറുകളിലും 5% വരെ മണിമാർക്കറ്റ് ഇൻസ്ട്രുമെന്റുകളിലും നിക്ഷേപിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. |
| (ഡി) | ഇപ്രകാരം ജീവനക്കാരിൽ നിന്ന് സ്വരൂപിക്കുന്ന തുകയ്ക്ക് മാച്ചിംഗ് ഗ്രാന്റ് നൽകുന്നുണ്ടോ ; | ഇപ്രകാരം ജീവനക്കാരിൽ നിന്ന് സ്വരൂപിക്കുന്ന തുകയ്ക്ക് മാച്ചിംഗ് ഗ്രാന്റ് നൽകുന്നുണ്ട്. |
| (ഇ) | ഭാവിയിൽ ഇത് വൻ ബാദ്ധ്യതയായി മാറുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ? | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**